## പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.977 — 06.06.2018 ന് മറുപടിയ്ക്ക്.

## കോട്ടൂർ ആന പരിപാലന കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി "State-of-the-art Elephant Rehabilitation Centre" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ എത്ര കോടി രൂപയുടെ പ്രോജക്റ്റാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായമായി 105 കോടി രൂപയുടെ പ്രോജക്റ്റാണ് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഏത് ഏജൻസി വഴിയാണ് വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) നെയ്യാർ-പേപ്പാറ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേനയാണ് വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ M/s Habitat Technology Group & RTF Infra Private Limited, Pattom, Thiruvananthapuram (Consortium) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായി കോട്ടൂരിനെ വികസിപ്പി-ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.